# വീണ്ടും തിരഞ്ഞെടുക്കപ്പെട്ടതിനു പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പ്രസിഡൻ്റ് പുടിൻ അഭിനന്ദിച്ചു

ജൂൺ 05, 2024

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ  റഷ്യൻ ഫെഡറേഷൻ പ്രസിഡൻ്റ് ശ്രീ വ്ലാഡിമിർ പുടിൻ ടെലിഫോണിൽ വിളിച്ചു.

പ്രസിഡൻ്റ് പുടിൻ പ്രധാനമന്ത്രി മോദിയെ  തെരഞ്ഞെടുപ്പ് വിജയത്തിൽ അഭിനന്ദിക്കുകയും മൂന്നാമൂഴമെന്ന ചരിത്ര നേട്ടത്തിൽ ആശംസ നേരുകയും ചെയ്തു.

എല്ലാ മേഖലകളിലും പ്രബലവും   തന്ത്രപരവുമായ ഇന്ത്യ-റഷ്യ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഒരുമിച്ച് പ്രവർത്തിക്കുന്നത് തുടരാൻ ഇരു നേതാക്കളും സമ്മതിച്ചു.

2024 ലെ  ബ്രിക്സിൻ്റെ ചെയർമാനായി റഷ്യ തുടരുന്നതിൽ പ്രധാനമന്ത്രി പ്രസിഡൻ്റ് പുടിന് ആശംസകൾ അറിയിച്ചു.

ബന്ധം തുടർന്നുപോവാൻ  ഇരു നേതാക്കളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**ജൂൺ 05, 2024**